പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 590** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വേനൽക്കാല ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പുവർഷം പ്രതീക്ഷിക്കുന്ന പ്രതിദിന അറ്റ ഊർജ്ജ ആവശ്യകത (പീക്ക് ഡിമാൻഡ് ) എത്ര മെഗാവാട്ടാണെന്നും ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നടപ്പുവർഷം പ്രതീക്ഷിക്കുന്ന പ്രതിദിന അറ്റ ഊർജ്ജ ആവശ്യകത (പീക്ക് ഡിമാൻഡ് ), മുൻവർഷങ്ങളിലെ ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ശതമാനം വർധിച്ചിട്ടുണ്ടെന്നതിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | പ്രതീക്ഷിച്ചിരുന്ന / പ്രതീക്ഷിക്കുന്ന വൈദ്യുതി ആവശ്യകത (മെഗാവാട്ട്) 2026-27 | വൈദ്യുതി ആവശ്യകത (മെഗാവാട്ട്) 2025-26 | ആവശ്യകതയിലെ വളർച്ച 2025-26 നെ അപേക്ഷിച്ച |
|---|---|---|---|
| ജൂൺ-2026 | 4969 | 4489 | 11% |
| ജൂലൈ-2026 | 5338 | 4161 | 28% |
| ഓഗസ്റ്റ്-2026 | 4868 | 4399 | 11% |
| സെപ്റ്റംബർ-2026 | 5639 | 4480 | 26% |
| ഒക്ടോബർ- 2026 | 5409 | 4596 | 18% |
| നവംബർ - 2026 | 5488 | 4613 | 19% |
| ഡിസംബർ - 2026 | 5483 | 4582 | 20% |
| ജനവരി - 2027 | 5579 | 4781 | 17% |
| ഫെബ്രുവരി - 2027 | 5992 | 5066 | 18% |
| മാർച്ച് - 2027 | 6572 | 5836 | 13% |

| | | | |
|---|---|---|---|
| ഏപ്രിൽ-2027 | 7040 | 6033 | 17% |
| മേയ് - 2027 | 6691 | 5684 | 18% |

**(ബി)** വേനൽക്കാലത്തെ കടുത്ത പ്രതിസന്ധി പരിഹരിക്കാൻ കെ.എസ്.ഇ.ബി പുറത്തുനിന്ന് ഉയർന്ന തുകയ്ക്ക് വൈദ്യുതി പവർ പർച്ചേസ് കരാർ പ്രകാരം വാങ്ങുന്നുണ്ടോ; എങ്കിൽ ഇതിനായി പ്രതിദിനം ചെലവഴിക്കുന്ന തുക എത്രയാണ്;

**<u>മറുപടി:</u>** ഈ വർഷം നിലനിൽക്കുന്ന എൽ-നിനോയെ തുടർന്നുള്ള കാലാവസ്ഥാ വ്യതിയാന സാഹചര്യം കൂടി പരിഗണിച്ചു കൊണ്ട് 2027 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വേനൽ കാലത്തേക്കുള്ള അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ DEEP പോർട്ടൽ മുഖേന മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിക്കുകയും തുടർന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഹ്രസ്വ കാല കരാറുകളിൽ ഏർപ്പെടുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| **വൈദ്യുതി ലഭ്യമാകുന്ന കാലയളവ്** | **പീക് സമയത്തേക്ക് ലഭ്യമാകുന്ന വിഹിതം മെഗാവാട്ടിൽ** | **പ്രതീക്ഷിക്കുന്ന പ്രതിദിന ബാധ്യത കോടി രൂപയിൽ** |
|---|---|---|
| മാർച്ച് 2027 | 240 MW | Rs 1.39 കോടി |
| ഏപ്രിൽ 2027 | 365 MW | Rs 2.29 കോടി |
| മേയ് 1-15, 2027 | 290 MW | Rs 1.80 കോടി |

| **വൈദ്യുതി ലഭ്യമാകുന്ന കാലയളവ്** | **മുഴുവൻ സമയത്തേക്ക് ലഭ്യമാകുന്ന വിഹിതം മെഗാവാട്ടിൽ** | **പ്രതീക്ഷിക്കുന്ന പ്രതിദിന ബാധ്യത കോടി രൂപയിൽ** |
|---|---|---|
| മാർച്ച് 2027 | 200 MW (RTC) | 2.86 കോടി |
| ഏപ്രിൽ 2027 | 200 MW (RTC) | 2.86 കോടി |
| മേയ് 1-15, 2027 | 200 MW (RTC) | 2.86 കോടി |

**(സി)** മുൻകാലങ്ങളിൽ റദ്ദാക്കിയ ദീർഘകാല വൈദ്യുതി കരാറുകൾക്ക് (Unapproved PPAs) പകരമായി കുറഞ്ഞ നിരക്കിൽ പുതിയ ദീർഘകാല കരാറുകളിൽ ഏർപ്പെടാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിന്നും സർക്കാരിൽ നിന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ (KSERC) റദ്ദാക്കിയ ദീർഘ കാല കരാറുകൾക്ക് പകരമായി വൈദ്യുതി കണ്ടെത്തേണ്ടതിനായി കെ.എസ്.ഇ.ബി.എൽ 3 മധ്യകാല ടെൻഡറുകളും 2 ദീർഘകാല ടെൻഡറുകളും ക്ഷണിക്കുകയുണ്ടായി. എന്നാൽ നിരക്കുകൾ ഉയർന്നതായതിനാൽ കരാറിൽ ഏർപ്പെടാൻ കഴിഞ്ഞില്ല. കേന്ദ്ര സർക്കാരിന്റെ SHAKTI പോളിസി B(iv) വഴി കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായ കൽക്കരി ഉപയോഗിച്ച് 500 MW വൈദ്യുതി വാങ്ങുന്നതിനായി വിളിച്ച ദീർഘ കാല ടെൻഡറും ഇതിൽ ഉൾപ്പെടുന്നു. തുടർന്ന്, കൽക്കരി അനുവദിച്ചതിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും വീണ്ടും ടെൻഡർ ക്ഷണിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനും കേന്ദ്ര

വൈദ്യുതി മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ പുതിയ ടെൻഡർ നടപടിക്രമങ്ങൾ 23.09.2026-ന ബോർഡ് ആരംഭിക്കുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**